# വേദനയും സാന്ത്വനവും : സന്നദ്ധ പ്രവർത്തകന്റെ പങ്ക്

പി.കെ. മുരളീധരൻ രാജാ
ജോയിന്റ് സെക്രട്ടറി, പെയിൻ & പാലിയേറ്റിവ് കെയർ സൊസൈറ്റി, തൃശൂർ

പാലിയേറ്റിവ് കെയർ ക്ലിനിക്കുകൾ വേദന നിവാരണ ഗുളികകൾ വിതരണം ചെയ്യുന്ന കേന്ദ്രങ്ങളാണെന്ന ധാരണ ശരിയല്ല. അവ രോഗിയുടെ സാന്ത്വനകേന്ദ്രങ്ങളാണ്. വേദനയിൽനിന്ന് ആശ്വാസം നൽകുന്നതുവഴി രോഗിയെ സാർത്ഥകമായ ജീവിതത്തിലേക്ക് കൈപിടിച്ച് ഉയർത്തുന്ന സന്മനസ്സുള്ളവരുടെ കൂട്ടായ്മ കൂടിയാണ്. രോഗിയാണു ശരി എന്ന് വിശ്വസിച്ചുകൊണ്ടാണ് ഇവിടെ ഡോക്ടറും നഴ്സും സന്നദ്ധ പ്രവർത്തകനും സേവനമനുഷ്ഠിക്കുന്നത്. ചെറിയ വേദന അഥവാ സഹിക്കാവുന്ന വേദന രോഗനിർണ്ണയത്തിന് ഡോക്ടറെ സഹായിച്ചേക്കാം.പക്ഷേ, കാൻസർ രോഗിയുടെ വേദന പീഡനമാണ്. മറ്റു ദീർഘകാല രോഗികളുടെ വേദനയും വ്യത്യസ്തമല്ല.

സാന്ത്വനചികിത്സാ കേന്ദ്രത്തിൽ രോഗിയെ സ്വീകരിക്കുന്നതു സന്നദ്ധപ്രവർത്തകരാണ്. രോഗിക്കു പറയാനുള്ളത് അവർ അനുതാപപൂർവ്വം ശ്രദ്ധിച്ചു കേൾക്കുന്നു. അദ്ദേഹത്തിന്റെ കുടുംബാംഗങ്ങൾ പറയുന്ന കാര്യങ്ങളും ഉൾകൊള്ളുന്നു. അവരുടെ നിസ്സഹായതയുടെ ആഴം മനസ്സിലാക്കുന്നു. ക്രമേണ സന്നദ്ധ പ്രവർത്തകൻ രോഗിയുടെയും കുടുംബത്തിന്റെയും വിശ്വാസമാർജിക്കുന്നു. ഉപദേശിക്കാതെ, കുറ്റപ്പെടുത്താതെ, നിർബന്ധിക്കാതെ, വിധി കല്പിക്കാതെ, വിശ്വസ്തത ഉറപ്പുവരുത്തിക്കൊണ്ടു സന്നദ്ധ പ്രവർത്തകർ പറയുന്നത് ഇത്രമാത്രം.: " താങ്കൾ ഒറ്റയ്ക്കല്ല; ഞങ്ങൾ നിങ്ങളോടൊപ്പമുണ്ട്. താങ്കുളുടെ ശാരീരികമായ വേദനയോടൊപ്പം ഉൽക്കണ്ഠകളും ഞങ്ങൾ മനസ്സിലാക്കുന്നു. താങ്കളുടെ പ്രതിസന്ധികളെ തരണം ചെയ്യാൻ കുടുംബത്തോടൊപ്പം ഞങ്ങളും സഹായിക്കും. താങ്കളുടെ ആത്മീയ സംഘർഷങ്ങൾ ലഘൂകരിക്കാനും ഞങ്ങളുടെ സഹായം താങ്കൾക്കു ശേഷിനൽകും. ഞങ്ങളുടെ ഒരു അംഗം തന്നെയല്ലേ താങ്കളും? പ്രശ്നങ്ങൾ നമുക്കു പരിഹരിക്കാം."

രോഗിയും കുടുംബവും പറയുന്ന കാര്യങ്ങൾ ശ്രദ്ധിച്ചു കേൾക്കുകയെന്നതു സർവപ്രധാനമാണ്. അവരുടെ ആകുലതകൾ ജാഗ്രതയാടെ, അനുതാപപൂർവ്വം കേൾക്കാൻ കഴിയുന്നയാളാണ് ശരിയായ സന്നദ്ധപ്രവർത്തകൻ. തന്റെ വിശ്വാസപ്രമാണങ്ങളും അനുഭവസാക്ഷ്യങ്ങളും തത്വചിന്തയും വിളമ്പുന്നയാൾ നല്ല സന്നദ്ധ പ്രവർത്തകനല്ല. രോഗിയുടെ കണ്ണുകളിലേക്കുതന്നെ നോക്കി അദ്ദേഹത്തിന്റെ ഗദ്ഗദങ്ങളുടെയും നിശ്ശബ്ദതകളുടെയും ആഴം കണ്ടെത്തുന്ന വിദ്യ സന്നദ്ധ പ്രവർത്തകൻ പരിശീലനം വഴി നേടുന്നു. രോഗിയുടെ പരിഭവവും പരാതികളും ആകാംക്ഷകളും അവഗണിക്കപ്പെട്ടുകൂടാ. എന്തുകൊണ്ടെന്നാൽ വേദനിക്കുന്ന ഓരോ രോഗിയും ഒരു വ്യക്തിയാണ്. ഓരോ വ്യക്തിയുടെയും വേദന മറ്റുള്ളവരുടേതിൽനിന്നു വ്യത്യസ്തമാണ്.

സന്നദ്ധപ്രവർത്തകനാണ് രോഗിയെ ഡോക്റ്ററുടെ അടുത്തേയ്ക്കു നയിക്കുന്നത്. കുടുംബാംഗങ്ങൾ കൂടെയുണ്ടാകാം. ഇല്ലെന്നും വരാം. ഗൃഹസന്ദർശനത്തിനായി ഡോക്റ്ററോടൊപ്പവും നഴ്സിനോടൊപ്പവും സന്നദ്ധ പ്രവർത്തകനുമുണ്ടാകും. പലപ്പോഴും ഡോക്റ്ററോ നഴ്സോ ഇല്ലെങ്കിലും സന്നദ്ധ പ്രവർത്തകൻ രോഗിയെ കാണാൻ വരും; അടുത്തിരിക്കും; രോഗിയെ സ്പർശിക്കുമ്പോൾ രോഗി കരഞ്ഞെന്നു വരും. കുടുംബാംഗങ്ങൾ ഒപ്പം കരഞ്ഞേക്കാം. സന്നദ്ധപ്രവർത്തകൻ അയാളുടെ സാന്നിദ്ധ്യംകൊണ്ടുതന്നെ രോഗിയുടെ ആത്മവിശ്വാസം വർദ്ധിപ്പിക്കും. കുടംബത്തിന്റെ വിശ്വാസമാർജിക്കുമ്പോൾതന്നെ അസത്യം പറഞ്ഞ് അവർക്ക് കൂടുതൽ പ്രശ്നങ്ങൾ സൃഷ്ടിക്കില്ല.

ഡോക്ടർ നിർദ്ദേശിച്ച മരുന്നുകൾ കൃത്യമായി നൽകേണ്ടതിന്റെ പ്രാധാന്യം വീട്ടുകാരെ സന്നദ്ധപ്രവർത്തകൻ ബോധ്യപ്പെടുത്തുന്നു; രോഗിയെയും കാര്യങ്ങൾ ധരിപ്പിക്കുന്നു. രോഗിയുടെ കുടുംബപ്രശ്നങ്ങൾ സന്നദ്ധ പ്രവർത്തകൻ മനസ്സിലാക്കുന്നു. അയാളുടെ ദുരവസ്ഥയുടെ വിവിധമാനങ്ങൾ ഉൾക്കൊള്ളുന്നു ദരിദ്രകുടുംബമാണെങ്കിൽ ധാന്യവും മറ്റു ഭക്ഷ്യവസ്തുക്കളും എത്തിക്കാൻ ശ്രമിക്കുന്നു. രോഗിയുടെ മക്കളുടെ വിദ്യാഭ്യാസ സാധ്യതകളും അതു സംബന്ധിച്ച ബുദ്ധിമുട്ടുകളും ആരായുന്നു. അവയ്ക്ക് പരിഹാരം കാണാൻ തയ്യാറെടുക്കുന്നു. വീഴാറായ വീടിനു താങ്ങായി വരാൻ അയൽക്കാരെ പ്രോത്സാഹിപ്പിക്കുന്നു. അറ്റുപോയ കണ്ണികൾ വിളക്കിച്ചേർക്കുന്നു. അവയെ ദൃഢമാക്കുന്നു. രോഗി വിടപറഞ്ഞാലും കുടുംബത്തിനു സഹായം ലഭിക്കുമെന്ന് ഉറപ്പുവരുത്തുന്നു. സന്നദ്ധ പ്രവർത്തകൻ നല്ല സമരിയക്കാരൻ മാത്രമല്ല. അയാൾ സാന്ത്വന ചികിത്സയുടെ നെടുംതൂണാകുന്നു. അയാൾക്ക് കൈമുതലായുള്ളത് സ്നേഹവും സന്മനസ്സുമാണ്. അയാൾ രോഗിയുടെ പീഡനകാലത്തെ സഹയാത്രികനാണ്. അയാൾക്കുമുമ്പിൽ വേദനിക്കുന്ന രോഗിയുടെ മനസ്സ് മലർക്കെ തുറന്നിട്ടിരിക്കുന്നു. രോഗിയുടെ കുടുംബം അയാളെ കാത്തിരിക്കുന്നു.

• • • • • • • • • • • • • • •